(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) ഏറ്റവും ഒടുവിൽ സംസ്ഥാനത്തിന് നബാർഡിൽ നിന്നും പുനർവായ്പാ സൗകര്യം ലഭിച്ചതെന്നാണ് ;

(ഡി) അന്ന് ഈയിനത്തിൽ എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നബാർഡിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിന് ലഭിക്കേണ്ട പുനർ വായ്പാ സഹായം, നബാർഡ് കുറെ വർഷമായി അനുവർത്തിച്ചു വരുന്ന സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ ചില സമീപനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയില്ല എന്നതിന്റെ പേരിലാണ് അനുവദിക്കാതിരിക്കുന്നത്.

(സി&ഡി) 10-5-1999 ലാണ് നബാർഡിൽ നിന്നും ഏറ്റവും ഒടുവിൽ പുനർവായ്പ ലഭിച്ചത് 64.09 കോടി രൂപ.

പലിശ രഹിത വായ്പാ പദ്ധതി

109 (261) ശ്രീ.മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് സഹകരണ സംഘങ്ങൾ മുഖേന പലിശ രഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതി സംസ്ഥാനത്തിന് നടപ്പിലാക്കിയിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പലിശ രഹിത വായ്പ നൽകുവാൻ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(സി) ഇതിനായി രൂപീകരിക്കുവാനുദ്ദേശിക്കുന്ന സ്വാശ്രയ സഹകരണ സംഘങ്ങളുടെ ഘടനയും ചുമതലകളും വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതിക്ക് എവിടെ നിന്നെല്ലാം സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വാശ്രയ സഹായ പദ്ധതിയനുസരിച്ച് രൂപീകരിക്കുന്ന ഗ്രൂപ്പുകൾക്ക് നൽകുന്ന വായ്പക്കുള്ള പലിശ, സബ്സിഡി നൽകി പലിശ രഹിതമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പലിശ രഹിത വായ്പ നൽകുവാനായി മാത്രം സ്വാശ്രയ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് ഇപ്പോൾ രൂപീകരിച്ചു വരുന്ന സ്വാശ്രയ ഗ്രൂപ്പുകൾക്ക് സഹകരണ സംഘങ്ങൾ നൽകിവരുന്ന വായ്പ യഥാസമയം തിരിച്ചടയ്ക്കുന്ന കർഷകർക്ക് വായ്പത്തുക പലിശ രഹിതമാക്കുവാൻ വേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു. നാമമാത്ര കർഷകർ, കൃഷിഭൂമി ഉടമകൾ ഭൂരഹിതകർഷകത്തൊഴിലാളികൾ, കാർഷിക വൃത്തിയിൽ താൽപര്യമുള്ളവർ, ട്രൈബൽ ജനവിഭാഗങ്ങൾ എന്നിവരായിരിക്കും പ്രസ്തുത സ്വാശ്രയ ഗ്രൂപ്പിലെ അംഗങ്ങൾ. അംഗത്വഫീസ് 100 രൂപ അയിരിക്കും. ഓരോ ഗ്രൂപ്പിലും 20 മുതൽ 50 വരെ അംഗങ്ങൾ ഉണ്ടായിരിക്കും. ഈ ഗ്രൂപ്പുകൾ ഏറ്റെടുത്തു നടത്തുന്ന കൃഷികൾക്കായിരിക്കും വായ്പ ലഭ്യമാക്കുന്നത്.

(ഡി) സ്വാശ്രയ ഗ്രൂപ്പുകൾക്ക് നൽകി വരുന്ന വായ്പ പലിശരഹിതമാക്കുവാനുദ്ദേശിക്കുന്ന പദ്ധതിയനുസരിച്ച് സഹകരണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹായം ലഭ്യമാക്കുന്നതാണ്.

സഹകരണ അക്കാദമിയും ജില്ലാ സഹകരണ ബാങ്കുകളും

110 (262) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ അക്കാദമിക്ക് നൽകാനായി ജില്ലാ സഹകരണ ബാങ്കുകൾ ലാഭത്തിന്റെ ഇരുപത്തഞ്ചു ശതമാനം നീക്കി വയ്ക്കണമെന്ന് വകുപ്പധികാരികളോ സർക്കാരോ നിർദ്ദേശം കൊടുത്തിരുന്നോ ;

(ബി) ഇതിനായി ബൈലാ ഭേദഗതി വരുത്തുവാൻ ആവശ്യപ്പെട്ട് സഹകരണ വകുപ്പധികൃതർ ജില്ലാ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം കൊടുത്തിരുന്നോ ;

(സി) പ്രസ്തുത ആവശ്യത്തിനായി ജില്ലാ സഹകരണ ബാങ്കുകൾ പണം നൽകുവാൻ പാടില്ലായെന്ന് നിർദ്ദേശിച്ച് റിസർവ് ബാങ്ക് സംസ്ഥാന സഹകരണ രജിസ്ട്രാർക്ക് അറിയിപ്പ് നൽകിയിരുന്നുവോ ;

(ഡി) ജില്ലാ സഹകരണ ബാങ്കുകൾക്ക് നബാർഡ്, ആർ.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും അവയുടെ പദ്ധതി നടത്തിപ്പിനായി സഹകരണ ബാങ്കുകൾ വായ്പകൾ നൽകുന്നത് ആദായകരമായ പദ്ധതികൾക്ക് ഗ്രാമീണ മേഖലയിൽ പണം മുടക്ക് എന്ന വിഭാഗത്തിൽ ഉൾപ്പെടുമെന്ന് റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ടോ ;

(എഫ്) റിസർവ് ബാങ്കിന്റെ വിലക്കിനുശേഷവും ജില്ലാ സഹകരണ ബാങ്കുകൾ ട്രഷറിയിൽ പണം നിക്ഷേപിക്കുന്നതിന് സർക്കാർ അനുവാദം കൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly